**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2171** — **05/05/2017 ൽ മറുപടിയ്ക്ക്**

**കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ**

**ചോദ്യം**
**ശ്രീമതി.പി.അയിഷാ പോറ്റി**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ ; | (എ) | പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും തോട്ടണ്ടിയുടെ ലഭ്യതക്കുറവും മൂലം 18/09/2015 തീയതി മുതൽ കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ അടഞ്ഞു കിടക്കുകയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെ കൂടുതൽ വ്യാപാരികൾ പങ്കെടുക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചതു വഴി ,തോട്ടണ്ടി വാങ്ങി കോർപ്പറേഷൻ ഫാക്ടറികളും കാപെക്സ് ഫാകടറികളും 2016 ഓണത്തിനു മുമ്പ് തുറന്ന് അവയുടെ പ്രവർത്തനം പുനരാരംഭിച്ചു. ഇപ്രകാരം ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് അർഹമായ വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു.<br>2016-17 വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 30 കോടി രൂപ ആധുനീകവൽക്കരണത്തിനും ഭാഗീക യന്ത്രവൽക്കരണത്തിനും വകയിരുത്തിയിരുന്നു. 2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കശുവണ്ടി വികസന കോർപ്പറേഷന് 75 കോടി രൂപാ കൂടി അധികമായി വകയിരുത്തിയതിൽ 65 |

| | | |
|---|---|---|
| | | കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>2017-18 ലെ ബഡ്ജറ്റിൽ ഫാക്ടറികളുടെ നവീകരണത്തിനും, ഭാഗികയന്ത്രവൽക്കരണത്തിനുമായി കശുവണ്ടി വികസന കോർപ്പറേഷന് 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ 1 കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും ബ്രാൻഡ് ബിൽഡിംഗിനായി അനുവദിക്കുകയും ചെയ്തു. ഇതിനു പുറമെ തോട്ടണ്ടി സംഭരണത്തിനായി കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനുമായി 30 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകളിൽ നിന്ന് എടുത്ത വായ്പ തീർപ്പാക്കുന്നതിലേയ്ക്കായി ഗവൺമെന്റ് 80 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. ഇതിനു പുറമെ കശുവണ്ടി വ്യവസായത്തിന്റെ വികസനത്തിനു വേണ്ടി 20 കോടി രൂപയും ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്.<br>കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യൂ കൾട്ടിവേഷന്റെ ആവശ്യ പ്രകാരം പ്രസ്തുത കശുമാവിൻ തൈകൾ കർഷകർക്കും ഏജൻസികൾക്കും മറ്റ് ആവശ്യക്കാർക്കും 35/- രൂപാ നിരക്കിൽ വിതരണം ചെയ്തു വരുന്നു. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിലും കശുമാവ് കൃഷി ചെയ്ത് വരുന്നുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അടഞ്ഞു കിടന്നിരുന്ന സർക്കാർ ഫാക്ടറികൾ തുറന്ന് |

| | | | |
|---|---|---|---|
| | | | പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി സർക്കാരിന് അടഞ്ഞു കിടന്നിരുന്ന നിരവധി സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. സ്വകാര്യ കശുവണ്ടി ഫാക്ടറുകൾ തുറന്ന് തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനായി ഉദ്യോഗസ്ഥ തലത്തിലും ബഹു.മന്ത്രിതല ത്തിലും നിരവധി മീറ്റിംഗുകൾ വിളിക്കുകയും ആയതിന്റെ ഫലമായി 400 ലധികം ഫാക്ടറികൾ തുറക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഫാക്ടറി തുറക്കാൻ അനുകൂല നിലപാട് സ്വീകരിക്കാത്ത മൂന്ന് സ്വകാര്യ കശുവണ്ടി ഫാക്ടറി മാനേജ്മെന്റുകൾക്ക് കേരള കാഷ്യൂ ഫാക്ടറി അക്വിസിഷൻ ആക്ട് 1974 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. കശുവണ്ടി വ്യവസായ മേഖലയിൽ നിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന നിലയ്ക്ക് കാഷ്യൂ ബോർഡ് , കേരള രൂപീകരിക്കാൻ സർക്കാർ തീരുമാന മെടുത്തിട്ടുണ്ട്. |
| (ബി) | 2017-18 വാർഷിക ബഡ്ജറ്റിൽ സ്വകാര്യ കശുവണ്ടി മേഖലയ്ക്കായി നീക്കി വച്ച തുക എത്രയാണ് ; | (ബി) | 2017-18 വാർഷിക ബഡ്ജറ്റിൽ കശുവണ്ടി വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | അടഞ്ഞു കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികളുടെ മുടങ്ങി കിടക്കുന്ന പി.എഫ്.വിഹിതം ഒടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | (സി) | 2010 വരെ കുടിശ്ശികയായിരുന്ന പി.എഫ് വിഹിതം കൊടുത്തു തീർത്തിട്ടുണ്ട്. 2011 മുതൽ നൽകാനുള്ള പി.എഫ് കുടിശ്ശിക നൽകുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ